# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2986      10.05.2017 ൽ മറുപടിയ്ക്ക്

## <u>സർക്കാർ വെബ് സൈറ്റുകളുടെ സുരക്ഷ ഉറപ്പാക്കാൻ കർമ്മ പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വ്യത്യസ്ത രീതിയിലുള്ള സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സർക്കാർ വെബ് സൈറ്റുകളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെ നിർദ്ദേശ പ്രകാരം സെർട്ട് (CERT) കേരളയുടെ സെക്യൂരിറ്റി ഓഡിറ്റ് നടത്തിയതിനുശേഷമാണ് കേരള പോലീസ് വെബ്സൈറ്റുകൾ സർക്കാരിന്റെ ഡാറ്റാ സെന്ററുകളിൽ ഹോസ്റ്റ് ചെയ്തിരിക്കുന്നത്. ഡാറ്റാ സെന്റർ നൽകിയിട്ടുള്ള എല്ലാ സെക്യൂരിറ്റിയും കേരളാ പോലീസ് വെബ്സൈറ്റുകൾക്കും ലഭ്യമാണ്. വെബ്സൈറ്റുകൾ ഡാറ്റാ സെന്റർ 2-ൽ ഹോസ്റ്റ് ചെയ്യുന്നതിനു മുന്നോടിയായി സുരക്ഷ ഓഡിറ്റ് നിർബന്ധമാക്കുകയും സുരക്ഷാ പാളിച്ചകൾ കണ്ടുപിടിച്ച് റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തു വരുന്നു. വെബ്സൈറ്റിലെ തെറ്റായ സിസ്റ്റം കോൺഫിഗറേഷൻ, സോഫ്റ്റ് വെയർ വൈകല്യങ്ങൾ, സുരക്ഷാ ബലഹീനത, വെബ് ആപ്ലിക്കേഷൻ കുറവുകൾ എന്നിവ ഉൾപ്പെടെയുള്ള സുരക്ഷാ പ്രശ്നങ്ങൾ സുരക്ഷ ഓഡിറ്റ് നടത്തുക വഴി കണ്ടെത്തുവാൻ സാധിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സെർട്ട്-കെ സാങ്കേതിക ശുപാർശകളും ഉപദേശങ്ങളും നൽകുന്നു. സുരക്ഷാ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഉറപ്പുവരുത്തിയിട്ടുള്ള വെബ്സൈറ്റുകൾക്ക് മാത്രമാണ് ഡാറ്റ സെന്ററിൽ ഹോസ്റ്റ് ചെയ്യാൻ അനുവദിക്കാറുള്ളത്.<br>ഡാറ്റ സെന്റർ 1-ൽ ഹോസ്റ്റ് ചെയ്തിരിക്കുന്ന വെബ്സൈറ്റുകളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി സോഫ്റ്റ്-വെയർ/പ്ലാറ്റ്ഫോമുകളുടെ പോരായ്മകൾ മനസ്സിലാക്കി സുരക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | എ.റ്റി.എം കവർച്ചകൾ സംസ്ഥാനത്ത് വ്യാപകമാകുന്നതിന്റെ കാരണങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ? | (ബി) | സ്വാഭാവികമായി ഉണ്ടാകുന്ന കവർച്ചാ ശ്രമങ്ങളാണ് എ.റ്റി.എം. കൗണ്ടറുകളിൽ ഉണ്ടാകുന്നത്. വ്യാപകമാകുന്ന എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് എ.റ്റി.എം. കവർച്ച തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. എ.റ്റി.എം. സെന്ററുകളിൽ സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിക്കാനും സുരക്ഷാ ജീവനക്കാരെ നിയമിക്കാനും ബാങ്ക് അധികാരികൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതിനു പുറമേ എ.റ്റി.എം. സെന്ററുകൾ ഇരിക്കുന്ന സ്ഥലങ്ങളിൽ പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.